(ഡി) രോഗബാധിതരായ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും നിലവിൽ രോഗത്തിന്റെ ഗൗരവമനുസരിച്ച് 10,000 രൂപവരെയും പ്രത്യേക കേസ്സുകളിൽ അതിൽ കൂടുതലും തുക അടിയന്തിര ചികിത്സാ ധനസഹായമായി അനുവദിക്കാറുണ്ട്. കലാകാര പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അവശകലാകാരൻമാർക്ക് പെൻഷൻ പദ്ധതി

136 (3898) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാംസ്കാരിക വകുപ്പു മുഖേന അവശകലാകാരൻമാർക്ക് നൽകുന്ന പെൻഷൻ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര പേർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 1072 പേർക്ക് കലാകാരപെൻഷൻ അനുവദിച്ചിട്ടുണ്ട്.

അവശകലാകാരൻമാർക്ക് പെൻഷൻ

137 (3899) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ട് രൂപീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോട്ടറി നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്നും, എത്ര അവശ കലാകാരൻമാർക്ക് പെൻഷൻ നൽകിയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കലാകാരപെൻഷൻ അനുവദിക്കുന്നതിനല്ല ലോട്ടറി നടത്തിയത്. അവർക്ക് സമഗ്ര ക്ഷേമനിധി നടപ്പാക്കുന്നതിനുവേണ്ടി ധനം സ്വരൂപിക്കാനുള്ള സാംസ്ക്കാരിക ബമ്പർ ലോട്ടറിയുടെ നറുക്കെടുപ്പ് നടത്തിയത് 9-3-2009-ൽ ആണ്.

(ബി&സി) കലാകാരപെൻഷൻ വർഷങ്ങളായി നൽകുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നു. ക്ഷേമനിധി രൂപീകരണം അടിയന്തരമായി നടപ്പാക്കുന്നതാണ്. ലോട്ടറിയിൽനിന്നുള്ള വരുമാനം ഇതിനായി ഉപയോഗിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly